"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ്-തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിൽ വിഴിഞ്ഞം വില്ലേജിൽ ബ്ളോക്ക് നം. 14 - ൽ റി.സർവ്വെ 110/4-3 ൽ സമുദ്രതീര പുറമ്പോക്കിൽപ്പെട്ട 1.08 ആർ ഭൂമി നിലവിലെ താമസക്കാരനായ ശ്രീ.അബ്ദുൽ കലാം, ശ്രീമതി. സുമയ്യ, വിഴിഞ്ഞം എന്നിവരുടെ പേരിൽ പതിച്ച് നൽകുന്നതിന് ജില്ലാ കളക്ടർക്ക് അനുമതി നൽകിക്കൊണ്ട് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (യു) വകുപ്പ്

സ.ഉ.(കൈ) നം.141/2025/RD തീയതി,തിരുവനന്തപുരം, 26-05-2025

---

പരാമർശം:-

1. 01.10.2015 ലെ സ.ഉ (എം.എസ്) നം.520/2015/റവന്യൂ നമ്പർ ഉത്തരവ്.
2. ജില്ലാ കളക്ടറുടെ 22.11.2018, 27.01.2021, 11.12.2023, 14.02.2025 എന്നീ തീയതികളിലെ ബി.3/101329/15 നമ്പർ കത്തുകൾ.
3. 30.01.2019, 21.01.2020, 12.07.2021 തീയതികളിലെ ലാൻറ് റവന്യൂ കമ്മീഷണറുടെ എൽ. ആർ. ജെ.6-55732/18 നമ്പർ കത്തുകൾ.

**ഉത്തരവ്**

വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനായി കുടിയൊഴിപ്പിക്കപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി മൽസ്യത്തൊഴിലാളികൾക്ക് പട്ടയം അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ വിഴിഞ്ഞം വില്ലേജിൽ റീസർവ്വേ 110/4-3 ൽപ്പെട്ട 01.08 ആർ വസ്തു പരാമർശം (1)ലെ ഉത്തരവിൽ ക്രമ നമ്പർ 184 പ്ലോട്ടായി ശ്രീ. പിച്ചക്കണ്ണ്, ശ്രീമതി നദീറബീവി എന്നിവരുടെ പേരിൽ അനുവദിക്കുകയും അവരിൽ നിന്ന് നിലവിലെ അപേക്ഷകരായ ശ്രീ. അബ്ദുൾ കലാം, ശ്രീമതി സുമയ്യ എന്നിവർ 01.06.2015 ൽ കരാർപത്രപ്രകാരം വിലയ്ക്ക് വാങ്ങിയിട്ടുള്ളതും, ടി കക്ഷികൾ കൈവശം വച്ചനുഭവിക്കുകയും, ടി വസ്തുവിലുള്ള വീട്ടിൽ (ഹൗസ് നമ്പർ 508) സ്ഥിര താമസക്കാരുമാണെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിലെ കൈവശക്കാർക്ക് / അപേക്ഷകർക്കു ടി ഭൂമി സൗജന്യമായി പതിച്ചു നൽകുന്നതിന് അർഹതയുണ്ടെങ്കിലും വിഴിഞ്ഞം പുനരധിവാസ പദ്ധതി പ്രകാരം അർഹരായ വ്യക്തികൾക്ക് അനുവദിക്കുന്നതിനു മാറ്റി വയ്ക്കപ്പെട്ട ഭൂമിയായതിനാൽത്തന്നെ ടി ഭൂമി അത്തരം കാറ്റഗറിയിൽപ്പെടാത്ത അപേക്ഷകർക്ക് പതിച്ചു നൽകുന്നതിന് സർക്കാരിന്റെ ഉത്തരവ് ലഭ്യമാക്കണമെന്നാണ് പരാമർശം (2) പ്രകാരം ജില്ലാ കളക്ടർ ആവശ്യപ്പെട്ടിരിക്കുന്നത്.

2. തുറമുഖ നിർമ്മാണത്തിനായി കുടിയൊഴിപ്പിക്കപ്പെട്ടവർക്കു ഉപാധിരഹിത പട്ടയം ആണ് അനുവദിക്കുന്നത് എന്നതിനാൽ ടി കൈമാറ്റത്തിൽ അപാകതയില്ലെന്നും അപേക്ഷകർ സൗജന്യ പതിവിനർഹരാണെന്നും അപേക്ഷക്കാസ്പദമായ സ്ഥലം പതിവ് ലിസ്റ്റിൽ

ഉൾപ്പെട്ടിട്ടില്ലെങ്കിലും പുനരധിവാസത്തിനായി സർക്കാർ തന്നെ നീക്കി വച്ച ഭൂമിയായതിനാൽ തീരദേശപരിപാലന നിബന്ധനകൾക്ക് വിധേയമായി പതിവ് അപേക്ഷ പരിഗണിക്കാവുന്നതാണെന്നും ആയതിനാൽ വിഴിഞ്ഞം വില്ലേജിൽ ബ്ളോക്ക് നം. 14 - ൽ റി.സർവ്വെ 110/4-3 ൽ സമുദ്രതീര പുറമ്പോക്കിൽപ്പെട്ട 1.08 ആർ ഭൂമി നിലവിലെ കൈവശക്കാരായ ശ്രീ.അബ്ദുൽ കലാം, ശ്രീമതി. സുമയ്യ എന്നിവർക്ക് പതിച്ച് നൽകുന്നതിനു പതിവധികാരിക്ക് അനുമതി നൽകണമെന്നുമാണ് ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം (3) പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നത്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാ കളക്ടറുടെയും ലാൻറ് റവന്യൂ കമ്മീഷണറുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, വിഴിഞ്ഞം പുനരധിവാസ പദ്ധതി പ്രകാരം അനുവദിച്ചിരുന്നതും പതിവ് തുക അടയ്ക്കുന്നതിന് മുൻപ് നിലവിലെ കൈവശക്കാർക്ക് കൈമാറ്റം ചെയ്തിട്ടുള്ളതുമായതും, പുനരധിവാസത്തിനായി സർക്കാർ തന്നെ നീക്കി വച്ചതുമായ തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിൽ വിഴിഞ്ഞം വില്ലേജിൽ ബ്ളോക്ക് നം. 14 - ൽ റി.സർവ്വെ 110/4 -3 ൽ സമുദ്രതീര പുറമ്പോക്കിൽപ്പെട്ട 1.08 ആർ ഭൂമി നിലവിലെ കൈവശക്കാരായ ശ്രീ.അബ്ദുൽ കലാം, ശ്രീമതി. സുമയ്യ, ഡാറുൽ അമൻ, 508ാം നമ്പർ വീട്, ടൗൺഷിപ്പ് കോളനി, വിഴിഞ്ഞം പി.ഒ എന്നിവരുടെ പേരിൽ പതിച്ച് നൽകുന്നതിന് ജില്ലാ കളക്ടർക്ക് അനുമതി നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ഇത് സംബന്ധിച്ച നിയമാനുസൃത തുടർ നടപടികൾ തിരുവനന്തപുരം ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗോപകുമാർ.ആർ.എൽ
അഡിഷണൽ സെക്രട്ടറി

ലാൻറ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കലക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ) കേരള, തിരുവനന്തപുരം.
ശ്രീ.അബ്ദുൽ കലാം & ശ്രീമതി. സുമയ്യ , ഡാറുൽ അമൻ, 508ാം നമ്പർ വീട്
ടൗൺഷിപ്പ് കോളനി, വിഴിഞ്ഞം പി.ഒ, തിരുവനന്തപുരം.
വിവര-പൊതു ജനസമ്പർക്ക(വെബ്& ന്യൂമീഡിയ) വകുപ്പ്.
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Sindhu L V
Date: 26-05-2025 11:06:06
സെക്ഷൻ ഓഫീസർ

പകർപ്പ് : റവന്യൂ മന്ത്രിയുടെ പി എസ് - ന്.